**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലാ ലേലകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാരിൽ നിന്നും, വി.എഫ്.പി.സി.കെ. (വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) വഴി കർഷകർക്ക് നല്കുന്ന അടിസ്ഥാന വില ആനുകൂല്യങ്ങൾ കുറുപ്പന്തറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ലേലകേന്ദ്രമായ സംഘമൈത്രിക്ക് കൂടി നല്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി G.O (MS)80/2020 തീയതി 26.10.2020 പ്രകാരം 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം, വി.എഫ്.പി.സി.കെ യുടെ 250 ഉം, ഹോർട്ടികോർപ്പിന്റെ 18 ഉം, കൃഷിവകുപ്പ് വിവിധ പദ്ധതികളിലായി ആരംഭിച്ചിട്ടുള്ള 32 ഉം ഉൾപ്പടെ 300 നോട്ടിഫൈഡ് വിപണികൾ വഴിയാണ് താങ്ങുവില പദ്ധതി പ്രകാരമുള്ള സംഭരണം നടത്തി വരുന്നു. കൂടുതൽ വിപണികളെ നോട്ടിഫൈഡ് മാർക്കറ്റ് ആക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ദൂരെ സ്ഥലങ്ങളിൽ നിന്നും ഉല്പന്നങ്ങൾ എത്തിച്ച വില്പന നടത്തി വരുന്ന ഈ സംഘത്തിലെ കർഷകർക്ക് 2012 മുതൽ കിലോക്ക് 1.50 രൂപ വീതം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത് 3 രൂപയാക്കി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | നിലവിൽ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആറു കാർഷിക മൊത്ത വ്യാപാര വിപണികളിലും കോട്ടയം ജില്ലാ സംഭരണ കേന്ദ്രത്തിലും കാർഷികോല്പന്നങ്ങൾ ലേലത്തിന് എത്തിക്കുന്ന കർഷകർക്ക് മാത്രമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത്.<br><br>ദൂരെ സ്ഥലങ്ങളിൽ നിന്നും ഉല്പന്നങ്ങൾ എത്തിച്ച് വില്പന നടത്തുന്ന കർഷകർക്ക് 25 കി.മീ. പരിധിക്ക് Rs 1.5/Kg, 26 കി.മീ. മുതൽ 50 കി.മീ വരെ Rs 2 / Kg, 50 കി.മീ. മുകളിൽ Rs 2.5 / Kg എന്ന നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ സബ്സിഡി കൃഷിക്കാർക്ക് നൽകി വരുന്നത്.<br><br>കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ നൽകുന്ന ഈ ട്രാൻസ്പോർട്ടേഷൻ സബ്സിഡി നിലവിൽ പര്യാപ്തമാണെന്നു കാണുന്നു. |
| (സി) | കൈകാര്യ ചെലവ് (ഓപ്പറേഷനൽ കോസ്റ്റ് )ഇനത്തിൽ സംഘത്തിന് കിട്ടാനുള്ള കുടിശിക തുകയായ 888000/- രൂപ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (സി) | 2023 24 സാമ്പത്തിക വർഷം കൈകാര്യ ചെലവ് ഇനത്തിൽ സംഘമൈത്രിക്ക് 200000/- രൂപ നൽകിയിട്ടുണ്ട് കൈകാര്യ ചിലവുമായി ബന്ധപ്പെട്ട ക്ലെയിം പ്രസ്തുത വിപണിയിൽ നിന്ന് ലഭിക്കുന്ന മുറക്ക് 2024 25 വർഷത്തെ തുക അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കേരള സർക്കാരിന്റെ ഹോർട്ടികോർപ്പിന് നിരന്തരമായി കാർഷിക ഉല്പന്നങ്ങൾ നല്കി കൊണ്ടിരിക്കുന്ന സംഘത്തിന് കൃഷി വകുപ്പിൽ നിന്നും ലഭിക്കാനുള്ള തുകയായ 586419/- രൂപ എത്രയും വേഗം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | കോട്ടയം ജില്ലാ സംഭരണ കേന്ദ്രം വഴി കർഷകരിൽ നിന്ന് ഹോർട്ടികോർപ്പ് ഉൽപ്പന്നങ്ങൾ സംഭരിച്ച വകയിൽ ജൂലൈ 2024 വരെയുള്ള തുകയായ 2.80 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബർ 30 വരെയുള്ള ബിൽ തുകയായ 5.37768 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ